Digital Magazine


# CLICK-22

## Government Higher Secondary School, Padinjarathara




CLICK-22
സ്വാഗതം
G H S S Padinjarathara

# ഉള്ളടക്കം



അണിയറയിൽ

സന്ദേശം

സന്ദേശം

ഒരുനോക്ക്

സ്വപ്നങ്ങൾ

അഭിമാന താരങ്ങൾ

കുറുക്കനും കൊക്കും

ബുദ്ധിമാനായ കരടി

അവർ

അഭിമാന താരങ്ങൾ

പാപം

ടോട്ടോചാൻ

# അണിയറയിൽ



ഫ്രെസിൽ സജി



അഭിന ജോസ്



## സന്ദേശം

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്ൻറെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നത് സന്തോഷപ്രദമായ കാര്യമാണ്. ഈ ഉദ്യമത്തിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

രാജി  എൻ. എസ്,
ഹെഡ്മിസ്ട്രസ്



## സന്ദേശം

ഇളം മനസ്സുകളിൽ തെളിയുന്ന ഭാവനകൾ
അക്ഷരങ്ങൾ ആവുന്ന ഇതളുകൾ
ചേർന്ന്...... കവിതകളായി, കഥകളായി....
ഒരു പനിനീർ പുഷ്പം പോലെ പാരിലെങ്ങും
സുഗന്ധം പരത്തുമ്പോഴും അതിലെ ഓരോ
വരികളും ആയിരം വാളുകളെക്കാൾ
മൂർച്ചയുള്ളതായി തീരട്ടെ എന്ന്
ആശംസിക്കുന്നു.....

ജോയി പി . എം,
പി ടി എ പ്രസിഡണ്ട്.

## ഒരു നോക്ക്

സമയസൂചി അനങ്ങുന്നില്ലേ ? നാലുമണിയാവാൻ ഇനി അധികസമയമൊന്നുമില്ല കഷ്ടിച്ച് രണ്ടുമിനിറ്റ് പക്ഷേ എനിക്കത് രണ്ടുയുഗങ്ങളായി അനുഭവപ്പെട്ടു.പോസ്റ്റോഫീസിൽ അധികമാരുമില്ല ഇപ്പോൾ അതിന്റെ ആവിശ്യകത കുറവാണല്ലോ .പെൻഷനും മറ്റും വാങ്ങാൻ കാത്തു നിൽക്കുന്ന പാവങ്ങൾ മാത്രം.അൽപ്പസമയത്തിനുശേഷം എന്റെ ചിന്ത വഴി മാറിയതറിഞ്ഞ് ഞാൻ ആൽമരച്ചുവട്ടിൽ പടിക്കെട്ടിൽ നിവർന്നിരുന്നു.അപ്പോഴാണ് എന്റെ ചിന്ത മരത്തിനു നേരെ തിരിഞ്ഞത്. വർഷങ്ങൾക്ക് മുമ്പ് ഈ മരത്തിനുചുവട്ടിലാണ് എനിക്ക് അവളെ നഷ്ടമായത് .നെഞ്ചിൽ ആയിരം അമ്പുകൾ കുത്തിയിറങ്ങിയ വേദനയോടെ എങ്ങനെ ഞാൻ അവളെ നഷ്ടപ്പെടുത്തി?ആ സംഭവത്തിനു ഒരാൾ മാത്രമേ സാക്ഷി ഉള്ളൂ !ഇവിടെ വരുന്നവർ മുഴുവൻ സാക്ഷ്യം വഹിക്കുന്ന ഇവിടെ വരുന്നവരുടെ മുഴുവൻ കഥകളും അറിയാറുള്ള ഈ മരത്തിന്.എന്റെ കഥ മാത്രം ഈ മരം ആരോടും പറയരുതേ.

വാരിയെടുത്ത് മാറോട് ചേർക്കുമ്പോൾ പക്ഷേ അവൾ ഉറക്കമുണർന്നു കരഞ്ഞില്ല.എന്റെ നെഞ്ചിന്റെ ചൂടേറ്റ് അവൾ

സമാധാനത്തോടെ സുരക്ഷിതയായി ഉറങ്ങുകയാണ്. അവളെ തോളിലിട്ടുകൊണ്ട് ഞാൻ പോസ്റ്റോഫീസിന്റെ മുന്നിലുള്ള മരച്ചുവട്ടിലേക്ക നടന്നു.രാത്രിയിൽ ആ മരച്ചുവട് വിജനമായിരുന്നു.കടുത്ത തീരുമാനങ്ങളും ആയാണ് ഇവിടം വരെ എത്തിയത് .പക്ഷേ അത് ചെയ്യണോ എന്ന് ഒന്നുകൂടി ആലോചിച്ചപ്പൊഴാണ് കണ്ണിലേക്ക് കാറിന്റെ വെളിച്ചം കുത്തിക്കേറിയത് കാറിൽ നിന്ന് ആ ദമ്പതികൾ ഇറങ്ങിവന്നു.ഞാൻ അവരുടെ കൈയ്യിലെക്ക് അവളെ വച്ചു നീട്ടുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി അവളുടെ മേലെ വീണ് ഉറക്കം കെടുത്തി.എന്റെ ചെറുവിരൽ വിടാതെ അവൾ മുറിക്കിപ്പിടിച്ചു.ഇല്ല സാധിക്കില്ല അവർ കൊണ്ടുപോകട്ടെ കുഞ്ഞുങ്ങൾ ഇല്ലാതെ നീറിനീറി ജീവിക്കുന്ന ആ സമ്പന്ന ദമ്പതിമാർ വളർത്തും അവളെ.അല്ലാതെ ഇങ്ങനെ ഗതികിട്ടാതെ അലയുന്ന ഒരുവളുടെ മകളായി അവൾ ജീവിക്കേണ്ട കാര്യമില്ല.അവൾക്കായി എനിക്ക് ഇതെങ്കിലും ചെയ്യേ മതിയാകൂ.അവൾ അത് മനസിലാക്കിയത് കൊണ്ടാവാം കൈ മെല്ലെ പിൻവലിച്ചത്.അവർ കാറിൽ കേറി മടങ്ങിപ്പോയി .ഞാൻ മഴ നനയാതെ മരത്തിന്റെ ചുവട്ടിലേക്ക് . നെഞ്ചിന്റെ ചൂട് കാരണം അവൾ അനങ്ങാതെ ചേർന്നുകിടന്നുറങ്ങി. ഒരു പൂച്ചകുട്ടിയുടെ ഭാരം പോലുമില്ല അവൾക്ക് .പക്ഷേ എന്റെ നെഞ്ചിലെ ഭാരം ഈ കുഞ്ഞാണെന്ന് ഞാൻ എന്റെ മനസ്സിനെ പറഞ്ഞ് വിശ്വസിപ്പിച്ചു .നാളുകൾ എടുത്ത് ഞാൻ എന്റെ മനസ്സിനെ

ആ സത്യം ഉൾക്കൊള്ളിക്കാൻ ശ്രമിച്ചതാണ് , പക്ഷേ കഴിയുന്നില്ല കാരണം അവൾ എന്റെ പ്രാണനാണ് . സ്നേഹിച്ച പുരുഷനോടൊപ്പം വീട്ടുകാരെയെല്ലം എതിർത്ത് , ഒരു പുതിയ ജീവിതം തുടങ്ങിയപ്പോൾ അറിഞ്ഞിരുന്നില്ല , ഓരോമൽകിടാവിനെ കൈയ്യിൽ ഏൽപ്പിച്ച് അദ്ദേഹം ഒരിക്കലും തിരിച്ചു വരാത്ത ഒരിടത്തേക്ക് പോകുമെന്ന് . അദ്ദേഹം ഈ ഭ്രമിയിൽ ജീവിച്ചിരുന്നതിന്റെ ഒരേയൊരു തെളിവ് ,എന്റെ ... എന്റെ മകൾ . ആരും സഹായിക്കാനില്ലാത്ത ഒരു യുവതി എങ്ങനെ ഒരു കുഞ്ഞിനെ വളർത്തും ? യാചിച്ചും ഭിക്ഷയെടുത്തും അവളെ വളർത്തണം എന്നുണ്ട് . പക്ഷേ ജീവിക്കാൻ ആശയില്ലാതെ എന്നെ പോലെ ദുർബലയായ ഒരുവളുടെകൂടെ ! നല്ല വിദ്യാഭ്യാസവും ഭക്ഷണവും ഇല്ലാതെ നരകയാതനകൾ അനുഭവിച്ച് തീർക്കാനുള്ളതല്ല അവളുടെ ജീവിതം . അതുകൊണ്ട് തന്നെ അവളെ സുരക്ഷിതത്തമുള്ള ഒരിടത്ത് ഏൽപ്പിക്കണം . പിന്നീട് എപ്പോളെങ്കിലും ദൂരെ നിന്ന് ഒന്ന് കണ്ടാൽ മതി . ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽമാത്രം ...

ഇന്ന് അതേ സ്ഥലത്ത് അവൾ വരും.നേരത്തേ പറഞ്ഞത് പോലേ എനിക്ക്ദൂരെ നിന്ന് ഒരു നോക്ക്കാണാൻ. മരത്തിൽ നിന്ന് ഇളം കാററിൽ ഇലകൾ പതിയെ വീഴുന്നു. എന്തോ ഒരു സൂചന നൽകുന്ന പോലെ...അപ്പോൾ അതാ ഞാൻ പറഞ്ഞയച്ച അതേ കാറിൽ അവൾ വർഷങ്ങൾക്കിപ്പുറം വന്നിറങ്ങുന്നു.ഒരേ ഒരു നോക്കു മാത്രം... ഞാൻ മരത്തിന്റെ അടുത്തേക്ക് മറഞ്ഞു നിന്നു.വീണ്ടും 'എന്റെ കഥ' ആരോടും പറയരുതേ എന്ന് ഒരിക്കൽ കൂടി കേണപേക്ഷിച്ചു,

# സ്വപ്നങ്ങൾ

ഇരുട്ടിനെ വെളിച്ചമാക്കി
നാം കണ്ട കാഴ്ചകൾ...
കണ്ടുതീരും മുൻപ് വെളിച്ചം
വിളിച്ചുണർത്തിയ പാഴ്ദൃശ്യങ്ങൾ...
പിന്നീട് ആലോചിക്കുമ്പോൾ
ഒരു മഹാത്ഭുതമായി...
മനസ്സിൽ മായാതെ കിടക്കുന്നു...
രാത്രിയെ കാമുകനാക്കി,
അവനായി കാത്തിരിക്കുവാൻ
തോന്നിപ്പിച്ച കാഴ്ച...
വിശ്രമ വേളകളിൽ ഭയപ്പെടുത്തി..
നിദ്രയുടെ ആഴങ്ങളിൽ നിന്ന്
നമ്മെ തിരികെ കൊണ്ടുവന്ന ദുസ്വപ്നങ്ങൾ...
രണ്ടും എനിക്ക് ഒരുപോലെ ഇഷ്ടമാണ്..,
കാരണം,പല ഭാവനകളുടെയും
ഉറവിടം തേടി പോകുമ്പോൾ...
എത്തിച്ചേരുന്നത്...
ഉത്തരം കിട്ടാത്ത സ്വപ്നങ്ങളിലാണ്

-സ്വാതി സാബു
9A


ഗവ. ഹയർ സെക്കണ്ടറി സ്കൂൾ
പടിഞ്ഞാറത്തറ
സംസ്കൃതം
സ്കോളർഷിപ്പ്
2021-22
വിജയികൾ
ആനന്ദ് ടി എം
അശ്വതി കെ പി
അ
ഭി
ന
ങ്ങ
ൾ
ദേവനന്ദ എസ് നായർ
അഭിനവ് കൃഷ്ണ കെ എ
ജിയ മോൾ പി എ


ഗവ.ഹയർ സെക്കണ്ടറി സ്കൂൾ , പടിഞ്ഞാറത്തറ
NMMS
സ്കോളർഷിപ്പ്
2021-22
വിജയികൾ
CONGRATULATIONS


വൈത്തിരി ഉപജില്ല
ഹൈസ്കൂൾ വിഭാഗം
ശാസ്ത്ര രംഗം-21
പ്രൊജക്റ്റ് അവതരണം
ഗണിതാശയാവതരണം
First
കൃഷ്ണ ഗായത്രി
9A
Second
ആയിഷ റിസ
9A
CONGRATULATIONS
TEAM GHSS PADINHARATHARA


ശാസ്ത്രരംഗം

## കുറുക്കനും കൊക്കും

പണ്ടൊരു കാലത്ത് ഒരു കാട്ടിൽ ഒരു കുറുക്കൻ താമസിച്ചിരുന്നു.ആ കാട്ടിൽ അടുത്തുണ്ടായിരുന്ന ഒരു കുളത്തിൽ ഒരു കൊക്കും ജീവിച്ചിരുന്നു.ഇവർക്ക് രണ്ടുപേർക്കുമിടയിൽ സൌഹൃദം ഉണ്ടായി.രണ്ടുപേരും ദിവസം അന്ന് അന്ന് ഉണ്ടായ കാര്യങ്ങളൊക്കെ സംസാരിച്ച് സന്തോഷത്തോടെ ജീവിച്ചിരുന്നു.ഒരു ദിവസം കുറുക്കൻ കൊക്കിനോട് തൻ്റെ വീട്ടിലേക്ക് വിരുന്നിന് വരാൻ പറഞ്ഞു,കൊക്ക് വളരെ സന്തോഷത്തോടെ ശരി ഞാൻ വരാം എന്ന് പറഞ്ഞു.കുറുക്കൻ പറഞ്ഞതനുസരിച്ച് കൃത്യസമയത്തുതന്നെ കൊക്ക് കുറുക്കൻ്റെ ഗുഹയിലേക്ക് ചെന്നു.നല്ല അടിപൊളി മണമുള്ള പായസം കുറുക്കൻ കൊക്കിൻ്റെ മുന്നിൽ കൊണ്ടുവച്ചു.ആ പായസം കണ്ട് എങ്ങനെ തൻ്റെ നീളമുള്ള കൊക്കുകൊണ്ട് അത് കുടിക്കാം എന്ന് ആലോചിച്ചെങ്കിലും കൊക്കിന് ആ പായസം ഒട്ടും കുടിക്കാൻ കഴിഞ്ഞില്ല. അതിൻ്റെ കൊക്കിൽ കിട്ടിയ പായസം വായിൽ എത്തിയതുമില്ല.അയ്യോ,പാവം.നിനക്കീ പായസം കുടിക്കാൻ കഴിഞ്ഞില്ലേ...എന്നാൽ ഞാൻ കുടിക്കുന്നത് കണ്ടോ..... എന്നും പറഞ്ഞ് തൻ്റെ പാത്രത്തിലുണ്ടായിരുന്ന പായസം കൂടി കുറുക്കൻ വേഗം കുടിച്ചു.കൊക്ക് അപമാനിതനായി വളരെ വിഷമത്തോടെ വിശപ്പ് സഹിക്കാൻ വയ്യാതെ പറന്നുപോയി.സംഭവിച്ചതൊക്കെ ആലോചിച്ച് കൊക്ക്

ഒരുപാട് വിഷമിച്ചു.കുറച്ചു നാളുകൾക്ക് ശേഷം കൊക്ക് വളരെ സ്നേഹത്തോടെ കുറുക്കനെ വിരുന്നിന് വിളിച്ചു.കുറുക്കൻ വളരെ സന്തോഷത്തോടെ കൊക്കിന്റെ വീട്ടിലേക്ക് വിരുന്നിന് പോയി.കുറുക്കനെ അവിടെ ഇരുത്തി,അടുത്ത് ഒരു മുക്കാലിൽ ചെറിയ കുടം വച്ചു.കുടം നിറയെ മീൻകറി ഉണ്ടാക്കി നിറച്ച് കുറുക്കന് കൊടുത്തു.മീൻക്കറിയുടെ മണം വന്നപ്പോൾ തന്നെ കുറുക്കന്റെ നാവിൽ വെള്ളമൂറി,കുറുക്കന് കൊതി അടക്കാൻ കഴിഞ്ഞില്ല.പക്ഷേ,ആ കുടത്തിന്റെ അപ്പുറവും ഇപ്പുറവും നോക്കിയ കുറുക്കൻ മീൻകറി എങ്ങനെ കഴിക്കുമെന്ന് ഓർത്തു,എങ്ങനെയെങ്കിലും അത് കഴിച്ചേ പറ്റൂ എന്ന് ഓർത്ത് കുറുക്കൻ ഒരുപാട് പ്രയത്നിച്ചു.പക്ഷേ എത്ര ശ്രമിച്ചിട്ടും മീൻക്കറിയുടെ ഒരു തുള്ളിപോലും കുറുക്കന് കിട്ടിയില്ല.കുറുക്കന്റെ മൂക്ക് ആ കുടത്തിന്റെ ഉള്ളിലേക്ക് കടന്നതേയില്ല.എന്റെ പ്രിയ മിത്രമേ, നിനക്കീ മീൻക്കറി കഴിക്കാൻ സാധിക്കുന്നില്ലേ,ദേ കണ്ടോ ഞാനെങ്ങനെയാണ് കഴിക്കുന്നത് എന്നും പറഞ്ഞ് ആ രുചിയേറിയ മീൻകറി മുഴുവൻ കൊക്ക് പെട്ടെന്ന് കഴിച്ചുതീർത്തു.അപ്പോൾ വളരെ ദേഷ്യത്തോടെ കുറുക്കൻ പറഞ്ഞു,മിത്രമേ ഇത് ചതിയാണ്,ഞാൻ വല്ലാത്ത വിശപ്പോടെയാണ് വന്നത്.എന്റെ മുന്നിൽ ഇത്രയും ചെറിയ കുടം വച്ചാൽ എങ്ങിനെയാണ് കഴിക്കാൻ സാധിക്കുക,നീ ചെയ്യുന്നത് ശരിയാണോ..? അതിന് കൊക്ക് പറഞ്ഞു,മിത്രമേ ഇത് നീ എന്നെ പഠിപ്പിച്ച

വിദ്യയാണ്.ഇതിനു മുൻപ് ഒരിക്കൽ നീയെന്നെ നിൻ്റെ വീട്ടിലേക്ക് വിരുന്നിന് വിളിച്ച് നീ എന്നെ അപമാനിച്ചതോർക്കുന്നുണ്ടോ എന്നും പറഞ്ഞ് കുറുക്കനെ നല്ലൊരു പാഠം പഠിപ്പിച്ചു.കുറുക്കൻ മിണ്ടാതെ തനിക്ക് അത് അർഹിക്കുന്നതാണ് എന്ന് ഓർത്ത് വിശന്ന് വീട്ടിലേക്ക് തന്നെ തിരിച്ചു പോയി.താൻ ഒരാളെ അപമാനിച്ചാൽ തന്നെയും ഒരാൾ അപമാനിക്കും എന്നുള്ളതാണ് ഈ കഥയുടെ സാരം.

# ബുദ്ധിമാനായ കരടി

"ഞാൻ ഇവിടെ പറയാൻ പോകുന്നത് ഒരു കാട്ടിലെ മൃഗങ്ങളെയെല്ലാം പറ്റിച്ച കരടിയെ കുറിച്ചാണ് "

ഒരു കാട് എല്ലായിടത്തും ഉള്ളതുപോലെ ആ കാട്ടിലും ഒരു സിംഹം ഉണ്ട് കാട് ഭരിക്കുന്ന രാജാവ്.അങ്ങനെ ആ കാട്ടിലെ മൃഗങ്ങളെല്ലാം സുഖകരമായി ജീവിക്കുകയായിരുന്നു.കുരങ്ങൻമാരും ആനകളും ഒരുപാട് ജീവികൾ ജീവിക്കുന്ന കാട്.ഒരു ദിവസം ആ കാട്ടിലേക്ക് ഒരു കരടി കടന്നു വരുന്നു. എല്ലാ മൃഗങ്ങളും ആ കരടിയെ സൂക്ഷിച്ച് നോക്കി,എല്ലാ മൃഗങ്ങളും പേടിച്ച് പോയി,ശേഷം ആ കരടി സിംഹരാജാവിൻ്റെ ഗുഹയുടെ അടുത്ത് പോയി, ആ നേരം സിംഹം അവിടെ ഇല്ലായിരുന്നു.ഒരു കുരങ്ങൻ ആ കരടിയോട് ചോദിച്ചു:നീ എങ്ങോട്ടാണ് പോകുന്നത്.

കരടി:ഞാൻ സിംഹത്തിൻ്റെ ഗുഹയിലേക്ക് പോകുന്നു.

കുരങ്ങൻ:അങ്ങോട്ട് പോകരുത്,അത് സിംഹത്തിൻ്റെ ഗുഹയാണ്.

അതൊന്നും കേൾക്കാതെ കരടി ഗുഹയിലേക്ക് പോയി,ഈ വിവരം കുരങ്ങൻ സിംഹത്തിനോട് പറഞ്ഞു സിംഹം വേഗത്തിൽ ഗുഹയുടെ അടുത്ത് വന്നു.സിംഹം കരടിയെ ഗുഹയുടെ അകത്തുനിന്ന് പുറത്തേക്ക് വിളിച്ചു.സിംഹം പറഞ്ഞു:കരടി നീ പുറത്തേക്ക് വന്നെ,അല്ലെങ്കിൽ നിന്നെ ഞാൻ തിന്നും.കരടി പുറത്ത് വന്നു,കരടിയുടെ കൈയ്യിൽ ഒരു സഞ്ചി ഉണ്ടായിരുന്നു.സഞ്ചിയിൽ ഉണ്ടായിരുന്ന കണ്ണാടി പുറത്തെടുത്തു.സിംഹത്തിൻ്റെ നേരെ ചൂണ്ടി കാണിച്ചു.എന്നിട്ട് കരടി പറഞ്ഞു,നീ ഈ കണ്ണാടിയിലേക്ക് നോക്ക് സിംഹമെ..., ആ കണ്ണാടിയിൽ സിംഹത്തിൻ്റെ മുഖം കണ്ട സിംഹം അതിശയിച്ചു പോയി.കരടി പറഞ്ഞു നിന്നെ പോലുള്ള മൃഗങ്ങളാണ് ഈ കണ്ണാടിയിൽ കാണുന്നത്.ഇവരേയെല്ലാം ഞാൻ വിളിച്ച് നിങ്ങളെ കൊല്ലും.അതുകൊണ്ട് അടങ്ങി ഇരുന്നോ.കേട്ടോ മൃഗങ്ങളെ....ദിവസങ്ങൾ കടന്നു പോയി,ഇപ്പോൾ ആ കാട്ടിലെ രാജാവ് കരടിയാണ്,എല്ലാവരും

അടിമകളും. കരടിക്ക് ഭക്ഷണം കൊണ്ടുവരുന്നത് സിംഹമാണ്.കുറച്ച് ദിവസങ്ങൾക്ക് ശേഷം കരടി ഗുഹയിൽ ഇല്ലാതിരുന്ന സമയത്ത് കുരങ്ങൻ ഗുഹയിലേക്ക് കേറി,സഞ്ചിയിൽ ഉണ്ടായിരുന്ന കണ്ണാടി പുറത്തെടുത്തു,അപ്പോൾ ആ കണ്ണാടിയിൽ കുരങ്ങന്റെ മുഖം.കുരങ്ങൻ പല കോഷ്ടികളും കാണിച്ചു,കണ്ണാടി താഴെ വീണു പൊട്ടി ചിതറി,എല്ലാത്തിലും കുരങ്ങന്റെ മുഖം.അപ്പോൾ കുരങ്ങന് കരടി എല്ലാവരേയും പറ്റിക്കുകയാണെന്ന് മനസ്സിലായി.ഈ വിവരം കുരങ്ങൻ സിംഹത്തെ അറിയിച്ചു,സിംഹം വേഗം ഗുഹയിൽ എത്തി കരടിയോട് പറഞ്ഞു:ഞങ്ങളെ പറ്റിച്ചതുകൊണ്ട് നിനക്കുള്ള ശിക്ഷ, ഞങ്ങൾ എല്ലാവരും നിന്നെ തിന്നും.

# അവർ

ഇന്ന് കോളജിലെ ആദ്യ ദിനമോണ് .പച്ചപ്പട്ടുവിരിച്ച മഞ്ഞപൂക്കൾ കോഴിയുന്ന മനോഹരമോയ ദൃശ്യം ഹിമയെ ആകര്ഷിച്ചു. എല്ലോ വിഷയങ്ങള്ക്കും മികച്ച മോര്ക്ക് നേടി അവൾ ജീവിതത്തിന്റെ മറ്റോരു വഴിത്തിരിവികക്ക് എത്തിയിരിക്കുന്നു.ഒരുപോട്ടുകോരിയോയ അവൾക്ക് നോടിനെ ക൭വിക്കുന്ന ഒരു ക൭ോക്കര് ആവോനോയിരുന്നു ആഗ്രഹം. ജീവിതത്തിലെ മധുരം നിറഞ്ഞ ഓർമകളികക്ക് ഒരു ൬മ്പോദ്യം കൂടെ ആ കോളേജിൽ നിന്ന് അവൾ ൬മ്പോദിച്ചു . ഓോരോ കോര്യങ്ങൾ ഓോര്ത്തുകോണ്ട് അവൾ ആ  ക്ലാസ് മുറിയിലേക്ക് പ്രവേശിച്ചു സാധാരണ പോലെയല്ല, എല്ലോവരും അവര്ക്ക് വേണ്ടപെട്ടവരോട് ഒരുമിച്ചിരുന്ന്  സംസാരിക്കുകയാണ് .അവരോരെയും ശ്യം ലെദ്ധ്യോതെ ആ പിന്നിലെ ലെ൹ഞ്ചിൽ അവൾ ഇരുന്നു .ഒരോൾ അവളെ മോത്രം ശ്രദ്ധിച്ചുക്കോണ്ടിരിക്കുകയോണ് , 'കിരൺ' ൬്വഭോവികമെന്ന് കരുതി അവൾ ഒന്നും ലെദ്ധ്യേില്ല എന്നോൽ എന്തോ ഒരു ആകര്ഷണം അവൾക്കും അനുഭവപ്പെട്ടു. പിന്നീടുള്ള ഓോരോ നോളുകളും അവൾക്ക് ഒരു വിസ്മയമോയിരുന്നു .ഒരു മോയികകോകത്ത് ൬ഞ്ചരിക്കുന്ന പോലെ പഠനത്തിൽ ശ്രദ്ധ കിട്ടുന്നില്ല .അങ്ങനെ ഒരു അവസ്ഥ .കോളേജിലെ മികച്ച ഗോയികയോയി അവൾ മോറിയിരുന്നു .അവൾക്കോപ്പം തന്നെ കിരണും മികച്ച വയിനിസ്റ്റ് ആയി. അവിടെ ഇവര് രണ്ടു പേരുമില്ലോത്ത ഒരു പരിപോടി പോലും ഉണ്ടോവില്ല എന്നിട്ടും രണ്ടു പേരും ഒരു തവണ പോലും സംസാരിച്ചിട്ടില്ല എന്തുകോണ്ടെന്ന് അറിയില

ദിവങ്ങൾ കടന്നുപോകെ,കോളേജിലെ ആനുവല് ക7 എത്തി രണ്ടു വര്ഷംകുടി അവര്ക്ക് ആ6്വദിക്കോം എന്നുള്ളത് കോണ്ട് ഒന്നോം വര്ഷക്കോരോരും പരിപോടിയിൽ പങ്കെടുത്തില്ല.4 മണിക്കോണ് പരിപോടി തുടങ്ങുന്നത്.എല്ലോവരും എത്തി അപ്രതീക്ഷിതമോയി കിരണും ഹിമയും ഒരേ നിറത്തിലുള്ള ഡ്രേ6് ഇട്ടു. കൂട്ടുകോര് ഒരുപോട് പറഞ്ഞ് കളിയോക്കിയെങ്കിലും അവരുടെ ഉള്ളിൽ ഒരോനന്ദം ഉണ്ടോയി എന്നോൽ അന്ന് അത് 6ംഭവിച്ചു അവന്റെ ഉള്ളിൽ മൂടി കിടന്ന ആ സ്നേഹം അവളോട് പറഞ്ഞു.എനിക്ക് അങ്ങനെ ഒരിഷ്ടവും ഇല്ലെന്ന് അവൾ പറഞ്ഞു പിന്നീടവര് മിണ്ടിയിട്ടില്ല .എന്നോലും എന്ത് കോര്യത്തിലും അവര് ഒരുമിച്ചോയി രണ്ടു പേരും ഉള്ളിൽ ഒത്തിരി 6ന്തോഷിച്ചു. അന്നും പറയോതെ അവൾ അവളുടെ സ്നേഹം ഉള്ളിൽ എങ്ങനെ എനിക്കത് വെപ്പോൻ കഴിയും എന്നോയിരുന്നു അവൾക്ക്. എല്ലോത്തിനും അതിന്റേതോയ 6മയമില്ലേ! പിന്നീടവര് ഒരു ക്ലോ6ിൽ  പഠിക്കുന്നു എന്ന ബന്ധത്തിൽ മാത്രമായി സംസാരം. രണ്ടു വര്ഷം കൂടി എത്ര പെട്ടെന്നോണ്.അവ6ോന വര്ഷം പരീക്ഷ എഴുതി അവര് ഇറങ്ങി.എന്നിട്ടും അവളുടെ സ്നേഹം പറയില്ലെന്ന് ഉറപ്പിച്ചു. അവൻ അത് കോര്യമോക്കിയില്ല പച്ചവിരിച്ച ആ മുറ്റത്തിലൂടെ അവൾ തന്റെ കൂട്ടുക്കോരെയും കോത്തിരിക്കുകയോയിരുന്നു. അവനും എഴുതി കഴിഞ്ഞ് പുറത്തിറങ്ങി. നന്നോയി എഴുതിയെന്ന് രണ്ടോളുടെയും മുഖത്ത് കോണോം. ആ മുറ്റത്ത് അവര് മോത്രമോയി. വല്ലോത്തോരു അനുഭൂതി,ഹ്രദയം വല്ലോതിടിക്കുന്നു. അവളുടെ കൈകളെല്ലോം തണുത്തു അവന്റെ നോട്ടം പതിയേ അവളിക ക്ക് വീണു. രണ്ടുപേരും പതിയെ അടുത്ത് നടന്നു. അപ്പോഴും ഒന്നും 6ം6ോരിക്കുന്നില്ല.

“നിനക്കെന്തെങ്കിലും പറയോനുണ്ടോ കിരൺ? അവന്റെ മറുപടി പ്രതീക്ഷിച്ച് തയുയര്ത്തിയപ്പോൾ അവൻ ശ്രദ്ധിക്കുന്നിലെന്ന് തോന്നി അവൾക്ക് മന6ിലെലോരു കനം അനുഭവപ്പെട്ടു പെട്ടന്നോയിരുന്നു അവന്റെ മറുപടി"ആ ഉണ്ട്“


അവളുടെ മുഖം പ്രകോശിച്ചു പിന്നീട് ഒരു മറുപറച്ചിലെന്നവണ്ണം അവൾ ഒരുപോട്  സംസാരിച്ചു "ഈ 6മയത്ത് എനിക്ക് പ്രണയത്തെ പറ്റിയോന്നും Gിന്തിക്കോൻ പറ്റില്ലോയിരുന്നു. എനിക്ക് നിന്നെ ഇഷ്ടമോണ്" അത്രയും പറഞ്ഞപോഴേക്ക് അവൻ ഇടക്ക് കയറി"എനിക്കറിയോം അതല്ലേ ഞോൻ പിന്നോന്നും പറയോതിരുന്നത് ഇങ്ങനെയെല്ലോം Gിന്തിക്കുന്നവരുടെ മനസ്സ് ശുദ്ധമോയിരിക്കും. നമുക്കിപ്പോൾ ഒരു ക്ഷ്യമുണ്ട് .ആ പദവിയിലെത്തും വരെ കോത്തിരിക്കും“

6ോധോരണയിൽ അ6ോധോരണമോയ ആ പ്രണയകഥ അവിടെ തീര്ന്നില്ല. രണ്ടുപേരും പഠിച്ച് ക7ോക്കുറോയി രണ്ടു സ്ഥത്തിരുന്നുകോണ്ട് ഒരു ആശയവിനിമയവും ഇല്ലോതെ അവര് പ്രണയിച്ചു. മന6ിലെ ഓരോ ഓര്മകളും ഓര്ത്തെടുത്തു. ഈ അപൂര്ണ പ്രണയത്തിന്ന് ഇന്നോരു പോവുകയോണ്. വളരെ കോത്തിനുശേഷം അവര് പോസ്റ്റോഫീ6ിനു മുന്നിലെ മറ്റോരു മഞ്ഞപ്പൂക്കൾ കോഴിയുന്ന മരച്ചുവട്ടിൽ നോ് മണിക്ക് കൂടിച്ചേരും .അവിടുന്ന് ആ യോത്ര ആരംഭിക്കുകയോണ് പറയോനോളിപ്പിച്ച,പറയോൻ കോത്തിരുന്നവരികക്ക് മനസുതുറക്കോൻ ,വര്ണങ്ങൾകോണ്ട് അവരുടെ ജീവിതത്തെ മനോഹരമോക്കോൻ ,അവര് .

ദേവനന്ദ   എസ്    നായർ  10-A


അലൻ ജോഷി
11/1/2022 ( ചൊവ്വ )





WED
12
JAN
AlanArt
അലൻ ജോഷിയുടെ
ചിത്രപ്രദർശനം




alanART
അലൻ
ജോഷിയുടെ
ചിത്രപ്രദർശനം




JYOTHI KRISHNA


JYOTHI KRISHNA





ശ്രീലക്ഷ്മി
9-B



സ്വാതി സാബു
9 - A

# പാപം

ഞാനൊന്നു നനഞ്ഞ് കൊള്ളട്ടെ ഈ
മഴ,സങ്കടംനീറുമെൻ ഓരോ
പകലും മരണമായിമാറിടുന്നു;
ഈ ഇരുളിൽ മറച്ചിടും
പാപമെൻ ഓരോന്നായി
പുറംതള്ളുമ്പോളും
ഞാൻ മൂകയായി മരണമടഞ്ഞ്
സഖേ, മുക്തമല്ലെൻ
പാപങ്ങൾ മുക്തമാക്കാൻ
ഞാനൊന്നു നനയെങ്കിലാം
ഈ മഴ ഏന്തീനി മൂകത,
പലവട്ടം തിങ്ങുന്ന വേദന
പലവട്ടം കൊല്ലുന്ന പ്രേരണ
നിന്നോടൊത്തു നടന്ന കാലങ്ങൾ,
ഗ്രഹണമായി മാറുന്നു
ഈ ഇരുട്ടിൽ ഞാനൊന്നു കരയട്ടെ,
നിന്റെ മിഴികൾഎന്നോടു ചേർന്നു
നിൻ ഇതളുകൾ എന്നോടുചേർന്നു.
അസഹ്യമാണീ ജീവിതം
ദേഹം മുഴുവൻ പുരളുന്ന ചെളികളാം
നനയുന്നു പലവട്ടം

എന്നിട്ടും വിരളുന്ന ചെളികളാം
ദേഹം ; മറന്നുകൊള്ളാമെങ്കിലും
നിൻ നിറം, നിൻ ഗന്ധം,
എന്നെ നിന്നിലെക്കടുക്കയാൻ
വേണ്ടെന്നു പലവട്ടംചൊന്നിട്ടും
നിൻ നോട്ടം എന്നിലേക്കടുക്കുന്നു
മേഘങ്ങളെ ആർത്തു കരഞ്ഞിട്ടു
എൻ ഘോര പാപങ്ങൾ
വിരസമായി പോയികൊള്ളട്ടെ
നിൻ ജീവിതം എത്രയോ
അസുലഭം;നിൻ കാഴ്ച്ചക്കാൻ
എത്രയോ ഭാഗ്യവാൻമാർ
മറക്കുന്നു നിന്നെ എന്നെന്നേക്കുമായി
ഈ കുളിർ അസഹ്യമാണ്
ഈ തണുപ്പ് അതിഘോരവും
എന്നാലും ഈ മഴ അമൃതുമാണ്
ഈ അമൃതം എന്നിലേക്കെത്തുമ്പോൾ
പാപമായി മാറിടുന്നു
മഴക്കാലരാവുകൾ മൊഴിയട്ടെ;
നീയില്ലാ നേരം മരണകവാടം തുറന്നത്പോലെയാം
മരിക്കില്ലാ എന്നാലും മറക്കവേണോ...

അഭിനന്ദന ജോസഫ്
10A

# ടോട്ടോചാൻ

ഈ കോവിഡ് കാലത്ത് ഞാൻ വായിച്ച എല്ലാ പുസ്തകങ്ങളെ കാളും എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരു പുസ്തകമാണ് ടോട്ടോചാൻ. ജാപ്പനീസ് ഭാഷയിൽ ചൂടപ്പം പോലെ വിറ്റ ഒരു പുസ്തകമാണ് 1982 ൽ പുറത്തിറങ്ങിയ ടോട്ടോചാൻ.ലോകമെങ്ങുമുള്ള എല്ലാ പ്രധാന ഭാഷകളിലേക്കും ഈ പുസ്തകം തർജിമ ചെയ്യപ്പെട്ടു. ശ്രദ്ധേയനായ കവി അൻവർ അലി ആണ് ഈ പുസ്തകം ഉജ്ജ്വലമായി മലയാളത്തിലേക്ക് മാറ്റി എഴുതിയിരിക്കുന്നത്.1992 ൽ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ആണ് ഈ പുസ്തകത്തിന്റെ ആദ്യ മലയാള പരിഭാഷ പുറത്തിറക്കിയത്. ഈ പുസ്തത്തിലെ ഓരോ കഥയും വളരെ രസകരമാണ്."തീവണ്ടി മുറിയിലെ ക്ലാസ് മുറി“ എന്ന കഥയാണ് എനിക്ക് ഏറ്റവും ഇഷ്ടമായത്. ടോട്ടോചാൻ ഉം കൂട്ടുകാരുമാണ് ഈ കഥയിലെ പ്രധാന കഥാപാത്രങ്ങൾ.റ്റോമോ എന്ന അനോദൃശ സ്കൂളിനെക്കുറിച്ചുള്ള ഈ പുസ്തകം,കുട്ടികളെ സ്നേഹിക്കുന്ന എല്ലാവരാലും വായിക്കപ്പെടുന്നു.

തെത്സുകേ,കുറോയോനഗിയോയി വളർന്ന പഴയ ടോട്ടോച്ചാൻ, അവളുടെ സ്കൂളിനെ കുറിച്ചും കോബോയോഷി മാസ്റ്ററെകുറിച്ചും കൂമ്പാരകണക്കിന് വിശേഷങ്ങളാണ് നമ്മോട് പറയുന്നത് "ടോട്ടോ നീ ഇനി ഈ സ്കൂളിലെ കുട്ടിയാണ്". മാസ്റ്ററുടെ വാക്കുകൾ കേട്ട നിമിഷം മുതൽ എങ്ങനെയെങ്കിലും അടുത്ത പ്രഭാതം ഇങ്ങ് എത്തിയാൽ മതി എന്നായി ടോട്ടോചാന്. ടോട്ടോചാൻഎ കാണുമ്പോഴെല്ലാം ദേ നോക്ക് നേരായിട്ടും നീ നല്ല കുട്ടിയാ എന്ന് ഓർമിപ്പിച്ച സ്നേഹനിധിയും ഭാവന ശാലിയും ആയ കൊബായാഷി മാസ്റ്റർ ആദ്യദിവസംതന്നെ ടോട്ടോച്ചാൻ ഒന്നമ്പരന്നു ഇരിക്കും. ടോമോ വിദ്യാലയത്തിലെ പഠന രീതികൾ ക്ലാസ് മുറികൾ എല്ലാം മറ്റു സ്കൂളിലെ അപേക്ഷിച്ച് വളരെ വ്യത്യസ്തമായിരുന്നു. തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥലത്ത് ഇരിക്കാം, ഇഷ്ടമുള്ള വിഷയങ്ങൾ പഠിക്കാം, അങ്ങനെ എല്ലാം വളരെ വ്യത്യസ്തം. കുട്ടികൾക്കും, മുതിർന്നവർക്കും വായിക്കാൻ കഴിയുന്ന രീതിയിലാണ് ഈ പുസ്തകം എഴുതിയിരിക്കുന്നത്.

ജ്യോതി കൃഷ്ണ പി എസ്

9 - A

ശുഭം

SHUBHAM